"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - പത്തനംതിട്ട കൈപ്പട്ടൂർ സെന്റ് ജോർജ്ജ്സ് മൗണ്ട് ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ആയി വിരമിച്ച ശ്രീമതി ഷീല എം.എസ്. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 5847/2023 മേലുള്ള 21/02/2023-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2551/2025/GEDN തീയതി,തിരുവനന്തപുരം, 08-04-2025

പരാമർശം:-

1. ശ്രീമതി ഷീല എം.എസ്. സമർപ്പിച്ച 30.01.2023 ലെ ഹർജി. (എക്സിബിറ്റ് പി-2)
2. ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി 5847/2023 മേലുള്ള 21/02/2023-ലെ വിധിന്യായം.
3. പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03/07/2023-ലെ ബി6/1260/2023 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട കൈപ്പട്ടൂർ സെന്റ് ജോർജ്ജ്സ് മൗണ്ട് ഹൈസ്കൂളിലെ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ആയി വിരമിച്ച ശ്രീമതി ഷീല എം.എസ്. ഫയൽ ചെയ്ത റിട്ട് ഹർജി 5847/2023 കേസിന്മേലുള്ള 21/02/2023-ലെ കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയതു പ്രകാരം 04/07/2023-ൽ ബന്ധപ്പെട്ടവരെ നേരിൽ കേൾക്കുകയുണ്ടായി.

2. **ഹർജിക്കാരിയായ ശ്രീമതി ഷീല എം.എസ്.-ന്റെ വാദങ്ങൾ താഴെപ്പറയും പ്രകാരമാണ്.**

"പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള കൈപ്പട്ടൂർ സെന്റ് ജോർജ്ജ്സ് ഹൈസ്കൂളിൽ താഴെ വിവരിച്ചിട്ടുള്ള കാലയളവുകളിൽ ഹർജിക്കാരിക്ക് യു.പി.എസ്.റ്റി. തസ്തികയിൽ അവധി ഒഴിവിൽ അംഗീകൃത സേവനകാലമുണ്ട്.

1 26.07.1990 — 14.02.1991

2. 30.07.1991 — 16.10.1991

തുടർന്ന് കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 51 അവകാശിയായ ഹർജിക്കാരിക്ക് 01.06.1992 മുതൽ റഗുലർ യു.പി.എസ്.റ്റി. തസ്തികയിൽ പുനർ നിയമനം ലഭിച്ചു. ഈ തസ്തികയിൽ നിയമനാംഗീകാരത്തോടെ തുടരവേ എച്ച്.എസ്.റ്റി. ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് അവധി ഒഴിവിൽ കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 43 അവകാശത്താൽ

05.06.2000 മുതൽ 11.08.2000 വരെയുള്ള കാലയളവിൽ സ്ഥാനക്കയറ്റം ലഭിച്ചു. 01.06.1992 മുതൽ ഈ തസ്തികയിൽ തുടർച്ചയായ അംഗീകൃത സേവനമുള്ള ഹർജിക്കാരിയെ 02.06.2005 മുതൽ എച്ച്.എസ്.റ്റി. ഫിസിക്കൽ സയൻസ് തസ്തികയിൽ റഗുലർ വേക്കൻസിയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. ടി നിയമനത്തിന് 02.03.2005 മുതൽ അംഗീകാരവും ലഭിച്ചു.

തുടർന്ന് എച്ച്.എസ്റ്റി. തസ്തികയിൽ 7 വർഷ സേവനകാലം പൂർത്തിയായ മുറയ്ക്ക് 01.07.2012 പ്രാബല്യത്തിൽ എച്ച്.എസ്.റ്റി. തസ്തികയിലെ ഒന്നാമത്തെ സമയബന്ധിത ഹയർഗ്രേഡ് പ്രമോഷൻ ലഭിച്ചു. 05.06.2000 മുതൽ 11.08.2000 വരെയുള്ള ബ്രോക്കൺ സേവനകാലം ഒന്നാമത്തെ ഹയർ ഗ്രേഡിന് പരിഗണിച്ചില്ല. 31.05.2020-ൽ സേവനത്തിൽ നിന്നും വിരമിക്കുകയും ചെയ്തു.ഹർജിക്കാരിയുടെ എച്ച്എസ്.റ്റി. തസ്തികയിലെ 05.06.2000 മുതൽ 11.08.2000 വരെയുള്ള സേവനകാലം കൂടി കണക്കാക്കിയാൽ 15 വർഷത്തിനുള്ള രണ്ടാമത്തെ ഹയർഗ്രേഡ് പ്രമോഷൻ 25.03.2020 പ്രാബല്യത്തിൽ ലഭിക്കുന്നതിന് അർഹതയുണ്ട്. അതിനാൽ ടി ബ്രോക്കൺ സേവനകാലം (05.05.2000 – 11.08.2000) കൂടി കണക്കിലെടുത്ത് 25.04.2020 പ്രാബല്യത്തിൽ എച്ച്.എസ്സ്.റ്റി. തസ്തികയിലെ രണ്ടാമത്തെ (5 വർഷം) സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ചുത്തരവ് പുറപ്പെടുവിക്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

താഴെ വിവരിക്കുന്ന കാരണങ്ങളാൽ ഹർജിക്കാരിയുടെ ടി ആവശ്യം അനുവദിക്കാവുന്നതാണ്.

(a) കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ അദ്ധ്യായം 14എ ചട്ടം (1) അനുസരിച്ച് മാനേജർ നടത്തുന്ന നിയമനങ്ങൾക്കുള്ള ഒഴിവുകൾ സ്ഥിരം ഒഴിവെന്നോ, താൽക്കാലിക ഒഴിവെന്നോ, അവധി ഒഴിവെന്നോ പ്രസ്തുത ചട്ടത്തിൽ വേർതിരിച്ചിട്ടില്ലാത്തതിനാൽ അവധിയിൽ ഏതുതരം ഒഴിവിലേക്കുള്ള നിയമനമായാലും ആ ഒഴിവിൽ കെ.ഇ.ആർ. അദ്ധ്യായം 14എ ചട്ടം (3) പ്രകാരം പ്രൊബേഷൻ ആരംഭിച്ച് ചട്ടം 6 (എ) പ്രകാരമുള്ള നിർദ്ദിഷ്ട സേവനകാലം പൂർത്തിയാകുന്ന മുറയക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്തുവരുന്നു. പ്രൊബേഷൻ ഡിക്ലയർ ചെയ്തശേഷം ഒന്നാമത്തെ ഇൻക്രിമെന്റ് ചട്ടം 61 (2എ) പ്രകാരം അനുവദിക്കുന്നു. ഇൻക്രിമെന്റ് അനുവദിക്കുന്ന വിഷയത്തിൽ കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 61 (4) പ്രകാരം "All duty in a post on a time scale whether continuous/interrupted shall count for increment in that time scale" എന്നുള്ളതിനാൽ ഒന്നാമത് ഇക്രിമെന്റ് അനുവദിച്ചതിനുശേഷം പ്രസ്തുത ടീച്ചർക്ക് പ്രൊബേഷന് പരിഗണിക്കാൻ കഴിയാതിരുന്ന ഏതെങ്കിലും ഹ്രസ്വകാല സേവനകാലം മുമ്പുണ്ടായിരുന്നുവെങ്കിൽ അവ ചട്ടം 61 (2) 6 ബി2 എന്നിവയിൽ വിവക്ഷിക്കുന്ന പ്രകാരം ഇൻക്രിമെന്റുകൾക്ക് യോഗ്യമായി മാറുന്നു. ഇൻക്രിമെന്റുകൾക്ക് യോഗ്യമായ സർവ്വീസുകൾ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് പരിഗണനാർഹമാണെന്നതിനാൽ ഇപ്രകാരം പ്രൊബേഷന് പരിഗണിക്കാൻ കഴിയാതിരുന്നതായ ഹ്രസ്വസേവനകാലം ഇൻക്രിമെന്റുകൾക്ക് യോഗ്യമായിരുന്നുവെന്ന് (യോഗ്യമായിരുന്നാൽ മതി അനുവദിക്കണമെന്നില്ല) ഉറപ്പുവരുത്തിയശേഷം അവകൂടി കണക്കിലെടുത്ത് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചുവരുന്നു.

b) സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള യോഗ്യകാലം കണക്കാക്കുന്ന വിഷയത്തിനും 02.05.1973-ലെ ജി.ഒ.(പി) 62/73/പൊവി.വ. പ്രകാരം "തുടർച്ചയായ

സേവനകാലം എന്നതിനുപകരം മൊത്തം സേവനകാലം" കണക്കിലെടുത്തുവേണം ഹയർഗ്രേഡ് അനുവദിക്കേണ്ടത്. മൊത്തം സേവനകാലം എന്ന പരിഗണനയിൽ സ്വഭാവികമായും അവധി ഒഴിവിലെ ഭംഗസേവനകാലവും ഉൾപ്പെടുന്നതിനാൽ അവ കൂടി ഹയർഗ്രേഡിന് പരിഗണിക്കുവാൻ വളരെക്കാലം മുമ്പുതന്നെ സർക്കാർ അനുമതി നൽകിയിരുന്നതാണ്. മാത്രമല്ല 05.10.1995-ലെ 6/ജെ2/2/95/ പൊ.വി.വ. സർക്കുലർ പ്രകാരം അവധി ഒഴിവിലെ സേവനകാലം ഹയർഗ്രേഡിന് പരിഗണിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു.

(C) ജി.ഒ.(എം.എസ്.)നമ്പർ 205/83/പൊ.വി.വ. തീയതി 01.12.1983 വ്യവസ്ഥ ചെയ്തിട്ടുള്ളത് ഇപ്രകാരമാണ്. Broken periods of service detailed in the G.O (MS) no.62/71/S/Edn dated 02.05.1973 read as first paper above will count for computing service for granting senior grade allowed in G.O (MS) 10/81/S.Edn dated 12.01.1981 read as second paper above subject to the condition that the higher grade all ready sanctioned will not be revised and monitory benefit will be given with effect from 12.01.1981 onwards" മേൽ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരവും 05.06.2000 മുതൽ 11.08.2000 വരെയുള്ള ബ്രോക്കൺ സേവനകാലം നേരത്തെ അനുവദിച്ചിട്ടുള്ള ഒന്നാമത്തെ ഹയർ ഗ്രേഡ് പ്രൊമോഷൻ റിവൈസ് ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥയോടെ പരിഗണിച്ച് സീനിയർ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കാവുന്നതാണ്.

(d) സമാനമായ കേസ്സിൽ ഒന്നാമത്തെ ഹയർ ഗ്രേഡിന് പരിഗണിക്കാതിരുന്ന അവധി ഒഴിവിലെ ബ്രോക്കൺ സേവനകാലം കൂടി പരിഗണിച്ച സീനിയർ ഗ്രേഡ് അനുവദിച്ചു നൽകുന്നതിന് നമ്പർ ബി4/3815/2023 തീയതി 28.05.2021 ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ അസുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റൊരു കേസിലും 24.03.2022-ലെ നമ്പർ എ/88/2021 പൊ.വി.വ. കത്തിലും അവധി ഒഴിവിലെ സേവനകാലം ഹയർ ഗ്രേഡിന് പരിഗണിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഹർജിക്കാരുടെ 05.06.2000 മുതൽ 11.08.2000 വരെയുള്ള ബ്രോക്കൺ കാലയളവുകൂടി പരിഗണിച്ച് സീനിയർ ഗ്രേഡ് അനുവദിക്കാവുന്നതാണ്. ഹർജിക്കാരിയുടെ 5.06.2000 മുതൽ 11.08.2000 വരെയുള്ള അവധി ഒഴിവിലെ എച്ച്.എസ്.റ്റി. സേവനകാലം കൂടി കണക്കുകൂടി അർഹമാകുന്ന തീയതി പ്രാബല്യത്തിൽ സീനിയർ ഗ്രേഡ് അനുവദിച്ചു നൽകുവാൻ അപേക്ഷിക്കുന്നു."

**3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടേയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടേയും വാദങ്ങൾ താഴെപ്പറയും പ്രകാരമാണ്.**

"ശ്രീമതി എം.എസ്.ഷീല കൈപ്പട്ടൂർ സെന്റ് ജോർജ്ജ് മൗണ്ട് ഹൈസ്കൂളിൽ 01-06-1992 പ്രാബല്യം മുതൽ യു.പി.എസ്.റ്റി. റഗുലർ വേക്കൻസിയിൽ നിയമനം ലഭിച്ച് സേവനത്തിൽ പ്രവേശിച്ചു. ടിയാരിക്ക് യു.പി.എസ്.റ്റി തസ്തികയിൽ 26-07-1990 മുതൽ 14-02-1991 വരെയും 30-07-91 മുതൽ 16-10-1991 വരെയും ഭ്രംശകാല സേവനം ഉണ്ട്. യു.പി.എസ്.റ്റി. തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ അവധി ഒഴിവിൽ 05-06-2000 മുതൽ 11-08-2000 വരെയുള്ള കാലയളവിൽ എച്ച്.എസ്.റ്റി ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ളതാണ്. പ്രസ്തുത എച്ച്.എസ്.റ്റി സേവന കാലം കൂടി കണക്കിലെടുത്ത് യു.പി.എസ്.റ്റി തസ്തികയിൽ 01-06-2001 പ്രാബല്യത്തിൽ 10 വർഷത്തെ ഹയർ ഗ്രേഡ്

അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 02-06-2002 പ്രാബല്യത്തിൽ എച്ച്.എസ്.റ്റി. ഫിസിക്കൽ സയൻസ് റഗുലർ ഒഴിവിൽ സ്ഥാനക്കയറ്റം ലഭിച്ച് സേവനത്തിൽ തുടരുകയും 01-07-2012 പ്രാബല്യത്തിൽ എച്ച്.എസ്.റ്റി ഫിസിക്കൽ സയൻസ് തസ്തികയിൽ 7 വർഷത്തെ ഹയർ ഗ്രേഡ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 31-05-2020 പ്രാബല്യത്തിൽ സേവനത്തിൽ നിന്നും വിരമിച്ചു.

05-06-2000 മുതൽ 11-08-2000 വരെയുള്ള എച്ച്.എസ്.റ്റി സേവനകാലം കൂടി പരിഗണിച്ച് 25-04-2020 പ്രാബല്യത്തിൽ 15 വർഷത്തെ രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കണമെന്നതാണ് ടിയാരിയുടെ ആവശ്യം. മുൻപ് ഇതേ ആവശ്യം ഉന്നയിച്ച് ടിയാരിയുടെ അപേക്ഷ ഈ ഓഫീസിൽ ലഭിക്കുകയും നിരസിച്ച് മടക്കിനൽകിയിട്ടുള്ളതാണ്. 02-05-1973 ലെ സർക്കാർ ഉത്തരവ് പ്രകാരം അദ്ധ്യാപകർക്ക് അവരുടെ മൊത്തം സേവനകാലം ചേർത്താണ് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കാൻ ഉത്തരവായിട്ടുള്ളത്. 08-08-2008 ലെ ധനവകുപ്പ് പരിപത്രം 46/2008/ഫിൻ പാര 4 പ്രകാരം ഇൻക്രിമെന്റിന് പരിഗണിച്ച സേവനകാലം മാത്രമേ ഗ്രേഡിന് അർഹമായ സേവനകാലമായി പരിഗണിക്കാൻ കഴിയു. ശ്രീമതി ഷീല എം.എസ്.-ന്റെ 05-06-2000 മുതൽ 11-08-2000 വരെയുള്ള എച്ച്.എസ്.റ്റി സേവനകാലം പരിഗണിച്ച് ടിയാരിക്ക് യു.പി.എസ്.റ്റി. തസ്തികയിൽ ഇൻക്രിമെന്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. യു.പി.എസ്.റ്റി. തസ്തികയിൽ ഇൻക്രിമെന്റ് അനുവദിച്ച മേൽപറഞ്ഞ സേവനകാലം പരിഗണിച്ച് ടിയാരിക്ക് യു.പി.എസ്.റ്റി. തസ്തികയിലെ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുമുണ്ട്. എച്ച്.എസ്.റ്റി. തസ്തികയിലെ ഇൻക്രിമെന്റിന് 05-06-2000 മുതൽ 11-08-2000 വരെയുള്ള ഭ്രംശകാല സേവനം കണക്കാക്കിയിട്ടില്ല. 2019 ശമ്പള പരിഷ്കരണം അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് (പി) 27/2021/ഫിൻ തീയതി 10-02-2021 ന്റെ അനക്സർ VI പാര 19 പ്രകാരവും ഒരു തസ്തികയിൽ നോർമൽ ഇൻക്രിമെൻറിന് പരിഗണിച്ചിട്ടുള്ള സേവനകാലം മാത്രമേ ആ തസ്തികയിലെ സമയ ബന്ധിത ഹയർ ഗ്രേഡിന് പരിഗണിക്കാൻ കഴിയു.

ആയതിനാൽ ശ്രീമതി എം.എസ്. ഷീലയുടെ 05-06-2000 മുതൽ 11-08-2000 വരെയുള്ള എച്ച്.എസ്.റ്റി. സർവ്വീസ് പരിഗണിച്ച് ടിയാരിക്ക് യു.പി.എസ്.റ്റി. തസ്തികയിൽ ഇൻക്രിമെന്റും ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡും അനുവദിച്ചിട്ടുള്ളതിനാലും പ്രസ്തുത കാലയളവ് എച്ച്. എസ്.റ്റി. തസ്തികയിലെ ഇൻക്രിമെന്റിന് പരിഗണിച്ചിട്ടില്ലാത്തതിനാലും 05-06-2000 മുതൽ 11-08-2000 വരെയുള്ള കാലയളവ് കണക്കാക്കി എച്ച്.എസ്.റ്റി. തസ്തികയിലെ സീനിയർ ഗ്രേഡ് അനുവദിക്കണമെന്നുള്ള ടിയാരിയുടെ അപേക്ഷ പരിഗണനാർഹമല്ല."

**4.സർക്കാർ ഈ വിഷയം ഹീയറിംഗിന്റേയും വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ടിന്റേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചു.** ഹർജിക്കാരുടെ 05.06.2000 മുതൽ 11.08.2000 വരെയുള്ള ബ്രോക്കൺ കാലയളവുകൂടി പരിഗണിച്ച് എച്ച്.എസ്.റ്റി. തസ്തികയിലെ സീനിയർ ഗ്രേഡ് അനുവദിക്കണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം.

5. "02.05.1973-ലെ ജി.ഒ.(പി)62/73/പൊവി.വ. പ്രകാരം "തുടർച്ചയായ സേവനകാലം എന്നതിനുപകരം മൊത്തം സേവനകാലം" കണക്കിലെടുത്തുവേണം ഹയർഗ്രേഡ് അനുവദിക്കേണ്ടത്. 08-08-2008 ലെ പരിപത്രം 46/2008/ഫിൻ പാര 4 പ്രകാരം ഇൻക്രിമെന്റിന്

പരിഗണിച്ച സേവനകാലം മാത്രമേ ഗ്രേഡിന് അർഹമായ സേവനകാലമായി പരിഗണിക്കാൻ കഴിയു. ശ്രീമതി ഷീല എം.എസ്.-ന്റെ 05-06-2000 മുതൽ 11-08-2000 വരെയുള്ള എച്ച്.എസ്.റ്റി സേവനകാലം പരിഗണിച്ച് ടിയാരിക്ക് യു.പി.എസ്.റ്റി. തസ്തികയിൽ ഇൻക്രിമെൻറ് അനുവദിച്ച് നൽകിയിട്ടുണ്ട്. യു.പി.എസ്.റ്റി. തസ്തികയിൽ ഇൻക്രിമെന്റിന് അനുവദിച്ച മേൽപറഞ്ഞ സേവനകാലം പരിഗണിച്ച് ടിയാരിക്ക് യു.പി.എസ്.റ്റി. തസ്തികയിലെ ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചിട്ടുമുണ്ട്. എച്ച്.എസ്.റ്റി. തസ്തികയിലെ ഇൻക്രിമെന്റിന് 05-06-2000 മുതൽ 11-08-2000 വരെയുള്ള ഭ്രംശകാല സേവനം കണക്കാക്കിയിട്ടില്ല. 2019 ശമ്പള പരിഷ്കരണം അനുവദിച്ചുകൊണ്ടുള്ള 10-02-2021 -ലെ സ.ഉ.(പി)27/2021/ഫിൻ ന്റെ അനക്സർ VI പാര 19 പ്രകാരവും ഒരു തസ്തികയിൽ നോർമൽ ഇൻക്രിമെന്റിന് പരിഗണിച്ചിട്ടുള്ള സേവനകാലം മാത്രമേ ആ തസ്തികയിലെ സമയ ബന്ധിത ഹയർ ഗ്രേഡിന് പരിഗണിക്കാൻ കഴിയു.

6.ആയതിനാൽ ശ്രീമതി എം.എസ്. ഷീലയുടെ 05-06-2000 മുതൽ 11-08-2000 വരെയുള്ള എച്ച്.എസ്.റ്റി. സർവ്വീസ് പരിഗണിച്ച് ടിയാരിക്ക് യു.പി.എസ്.റ്റി. തസ്തികയിൽ ഇൻക്രിമെന്റും ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡും അനുവദിച്ചിട്ടുള്ളതിനാലും പ്രസ്തുത കാലയളവ് എച്ച്. എസ്.റ്റി. തസ്തികയിലെ ഇൻക്രിമെന്റിന് പരിഗണിച്ചിട്ടില്ലാത്തതിനാലും 05-06-2000 മുതൽ 11-08-2000 വരെയുള്ള കാലയളവ് കണക്കാക്കി എച്ച്.എസ്.റ്റി. തസ്തികയിലെ സീനിയർ ഗ്രേഡ് അനുവദിക്കണമെന്നുള്ള ഹർജിക്കാരിയുടെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7.മേൽപ്രകാരം എക്സിബിറ്റ് പി-2 ഹർജി തീർപ്പാക്കി ബഹു. ഹൈക്കോടതിയുടെ റിട്ട് ഹർജി 5847/2023 മേലുള്ള 21/02/2023-ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SWAPNA P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി ഷീല എം.എസ്., മാന്ത്രേത്ത് പുത്തൻ വീട്, പാറക്കാര, തട്ടയിൽ പി.ഒ., പത്തനംതിട്ട-689 648.
ഹെഡ്മിസ്ട്രസ്സ്, സെന്റ് ജോർജ്ജസ് മൗണ്ട് ഹൈസ്കൂൾ, കൈപ്പട്ടൂർ, പത്തനംതിട്ട-689 648.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട-689 645.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്. (ജെഎ3/569/2024/പൊവിവ തീയതി 16/01/2025)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/42/2023/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 09-04-2025 10:16:58

സെക്ഷൻ ഓഫീസർ